123/2014/റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽപ്പടി പ്രദേശത്ത് ഉൾപ്പെടുന്ന അർഹരായ കൈവശക്കാർക്ക് എത്രയുംവേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. എൻ. ജയരാജിന്റെ നിർദ്ദേശാനുസരണം അതിനാവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

9. ഭൂമി ക്രയവിക്രയം

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : സർ, താമരശ്ശേരി താലൂക്കിൽ രാരോത്ത് വില്ലേജ്, ഇപ്പോൾ കെടവൂർ വില്ലേജിലെ സർവ്വെ നമ്പർ 2/1 ബി-യിൽപ്പെട്ട 1164 ഏക്കർ ഭൂമിയിൽ വർഷങ്ങളായി നിയമാനുസൃതം വീടുവച്ച് താമസിക്കുന്ന ആയിരത്തോളം പാവപ്പെട്ട വീട്ടുകാർ വളരെ പ്രയാസത്തിലാണ്. 1987 മുതൽ എ.വി. തോമസ് കമ്പനി വക കൽപ്പറ്റ എസ്റ്റേറ്റ് ലിമിറ്റഡ്, പൂനൂർ ഡിവിഷനിൽ ഉൾപ്പെട്ട ഭൂമി പൊന്നുംവില കൊടുത്തുവാങ്ങി നിയമപ്രകാരം കരമടച്ച് പട്ടയം ലഭിച്ചതാണ്. പണ്ടം പണയംവച്ചും കെട്ടുതാലി അടക്കം വിറ്റും പണം സ്വരൂപിച്ചാണ് പല പാവപ്പെട്ടവരും കൃഷിക്കാരും ഇവിടെ പത്തുസെന്റ് മുതൽ അഞ്ചേക്കർ വരെ ഭൂമി വാങ്ങിയിട്ടുള്ളത്. മിച്ചഭൂമിയായി ലഭിക്കേണ്ടത് 90 ഏക്കർ മാത്രമാണ്. എന്നാൽ ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് ഇവിടെ മരവിപ്പിച്ച് ഉത്തരവായിട്ടുള്ളത്. നേരത്തേ കമ്പനി വയനാട്ടിലുള്ള സ്ഥലം നൽകാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ലാന്റ് ബോർഡ് ഈ സ്ഥലം മിച്ചഭൂമിയിൽ നിന്ന് ഒഴിവാക്കി തീരുമാനം എടുത്തിരുന്നു. എന്നാൽ സ്റ്റേറ്റ് ലാന്റ് ബോർഡ് വീണ്ടും കോടതിയെ സമീപിച്ചതാണ് പ്രശ്നം വഷളാക്കിയിട്ടുള്ളത്. കമ്പനി കൈവശത്തിൽ മാത്രം വച്ചിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമി വേറെ ഉണ്ടായിരിക്കെ, 90 ഏക്കർ മിച്ചഭൂമിക്കുവേണ്ടി പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഈ തീരുമാനം പിൻവലിക്കണം. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് വേണ്ട നടപടി സ്വീകരണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : സർ, താമരശ്ശേരി താലൂക്ക് കെടവൂർ ദേശം റീസർവ്വെ 2/1 ബി-യുടെ വിസ്തീർണ്ണം വില്ലേജ് റിക്കാർഡുകൾ പ്രകാരം 1164 ഏക്കറാണെന്നും എന്നാൽ ഇതിൽ 1000 ഏക്കറോളം കൽപ്പറ്റ എസ്റ്റേറ്റ്, അതായത് രാജഗിരി റബ്ബർ & പ്രൊഡ്യൂസസ് ലിമിറ്റഡ് കമ്പനിയുടെ അധീനതയിലാണെന്നും പ്രസ്തുത ഭൂമി റബ്ബർ പ്ലാന്റേഷൻ ആയിരിക്കെ 1990-1994 കാലഘട്ടത്തിൽ വിൽപ്പന നടത്തിയതുമാണ്. കെടവൂർ

LIBRARY ARCHIVES Kerala Legislative Assembly

ദേശം റീസർവ്വെ 2/1 ബി-യിൽപ്പെട്ട 90.62 ഏക്കർ ഭൂമി വൈത്തിരി താലൂക്ക് ലാന്റ് ബോർഡിന്റെ 17-8-1994-ലെ ജി2-എസ്.എം.സി.26/81/V നമ്പർ ഉത്തരവു പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ 90.62 ഏക്കർ ഭൂമി ഏത് ഭാഗത്താണെന്ന് രേഖപ്പെടുത്തിയ സ്കെച്ച് താലൂക്കാഫീസ് ഫയലിൽ ലഭ്യമല്ല. മേൽപ്പടി സ്കെച്ച് ലഭ്യമാക്കുന്നതിനായി മാനന്തവാടി സബ് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈത്തിരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാന്റെ 17-1-2015 തീയതിയിലെ ജി2-എസ്.എം.സി.26/81/V നമ്പർ കത്തുപ്രകാരം കെടവൂർ ദേശം റീസർവ്വെ 2/1 ബി-യിൽപ്പെട്ട ഭൂമിയുടെ കൈമാറ്റത്തിന് സാദ്ധ്യത ഉണ്ടാകുമെന്ന് സംശയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സംഭവങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് മേൽപ്പടി ഭൂമിയുടെ കൈമാറ്റം നിലവിൽ നിർത്തിവച്ചിരിക്കുന്നത്. കെടവൂർ ദേശം റീസർവ്വെ 2/1 ബി-യിൽ ചെറുതും വലുതുമായ വിസ്തീർണ്ണത്തിൽ ആയിരത്തോളം കൈവശക്കാർ കൃഷി ചെയ്യും വീട് വച്ചും താമസിച്ചുവരികയാണെന്നും എം.എസ്. കൽപ്പറ്റ എസ്റ്റേറ്റ് കമ്പനി ലിമിറ്റഡിന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമി പൂർണ്ണമായും വിൽപ്പന നടത്തുകയും പാവപ്പെട്ട നൂറുകണക്കിനാളുകൾ വീട് വച്ച് താമസിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ മേൽപ്പടി മിച്ചഭൂമി ഏറ്റെടുക്കൽ ശ്രമത്തിനായ എതിർപ്പുകൾക്കും ക്രമസമാധാന പ്രശ്നങ്ങൾക്കും ഇടയാക്കുമെന്ന് താമരശ്ശേരി തഹസീൽദാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവിടെയുണ്ടായിട്ടുള്ള അപാകതകൾ എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

10. പാതിരാമണൽ ടൂറിസ്റ്റ് കേന്ദ്രം

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ചേർത്തല മണ്ഡലത്തിലെ മുഹമ്മ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും വലിയ വിനോദസഞ്ചാര സാദ്ധ്യതയുള്ളതുമായ ഒരു മേഖലയാണ് പാതിരാമണൽ. 64 ഏക്കറോളം വരുന്ന ഈ പ്രദേശം നിലവിൽ റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിൽപ്പെട്ട പ്രദേശമാണ്. വൈവിദ്ധ്യമാർന്ന ദേശാടനപക്ഷികളുടെ താവളവും ജൈവ വൈവിധ്യങ്ങളുടെ കലവറയുമായ ഈ പ്രദേശം ഇപ്പോൾ കാടുപിടിച്ച് സാമൂഹ്യവിരുദ്ധരുടെ താവളമായി കിടക്കുകയാണ്. അളവറ്റ വിനോദസഞ്ചാര സാദ്ധ്യതകളുള്ള ഇവിടേയ്ക്ക് ആയിരക്കണക്കിന് സഞ്ചാരികൾ എത്തിക്കൊണ്ടിരിക്കുകയാണ്. പാതിരാമണലിനെ

LIBRARY ARCHIVES Kerala Legislative Assembly